# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3942** **15.03.2017-ൽ മറുപടിക്ക്**

## സമ്പൂർണ്ണ വൈദ്യുതീകരണ പ്രഖ്യാപനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എ.എം. ആരിഫ് :<br>ശ്രീ. കെ. ബാബു :<br>ശ്രീ. ഡി.കെ. മുരളി :<br>ശ്രീ. കാരാട്ട് റസാഖ് : | | ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി വൈദ്യുതി കണക്ഷൻ കൊടുക്കേണ്ടതിൽ ഇനിയും വയറിംഗ് നടത്താത്ത വീടുകളിൽ സമയ ബന്ധിതമായി വയറിംഗ് നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഇനിയും വയറിങ് നടത്താത്ത വീടുകളിൽ വയറിങ് നടത്തുന്നതിനായി കെ.എസ്.ഇ.ബി തദ്ദേശ സ്വയംഭരണ, പട്ടിക ജാതി, പട്ടിക വർഗ്ഗ ക്ഷേമവകുപ്പുകളുടെയും, REC, NTPC, PFC, KPFC എന്നീ സ്ഥാപനങ്ങളുടെയും സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ, കെ. എസ്. ഇ. ബി യിലെ വിവിധ സംഘടനകൾ വഴിയും ജീവനക്കാരുടെ സഹായം വഴിയും മൂവ്വായിരത്തോളം വീടുകളിൽ ഇതിനകം വയറിങ് നടത്തിയിട്ടുണ്ട്. ഇത്തരത്തിൽ ഇനിയും വീടുകൾ വയറിംഗ് നടത്തുന്നതിന് ശ്രമിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ, പട്ടിക ജാതി, പട്ടിക വർഗ്ഗ ക്ഷേമവകുപ്പുകളിൽ നിന്നും കൂടാതെ, REC, NTPC, PFC, KPFC തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും CSR മുഖേനയും സഹായം ലഭിക്കുമെന്ന പ്രതീക്ഷയിൽ വയറിങ് പൂർത്തീകരിക്കാൻ കഴിയാത്ത മുഴുവൻ ബി.പി.എൽ വിഭാഗത്തിലുള്ളവരുടെയും പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട മുഴുവൻ അപേക്ഷകരുടെയും വീടുകൾ കെ. എസ്. ഇ.ബി നേരിട്ട് വയറിങ് നടത്തി വൈദ്യുതീകരിക്കാൻ ബോർഡ് ഉത്തരവായിട്ടുണ്ട്. |
| (ബി) | വയറിംഗ് ജോലികൾ പൂർത്തീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഊർജ്ജിതമാക്കുമോ; | (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരമാധി പങ്കാളിത്തം ഉറപ്പ് വരുത്താൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വയറിംഗിന് കൊടുക്കാവുന്ന തുക വർദ്ധിപ്പിച്ചിട്ടു ണ്ടോ; വിശദാംശം നൽകമോ; | (സി) | സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി വയറിങ് ഗ്രാന്റ് 5000 രൂപയായി വർദ്ധിപ്പിച്ച സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ഡി) | പട്ടികജാതി പട്ടികവർഗ്ഗത്തിൽ പ്പെട്ടവരുടെ വീടുകൾക്കുള്ള വൈദ്യുതീകരണത്തിന് ചെലവാകുന്ന തുകയുടെ 75 ശതമാനം പ്രസ്തുത വകുപ്പ് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ടോ; ഇത്തരക്കാരിൽ വീട് വയറിംഗ് നടത്താൻ കഴിയാത്തവർക്ക് കെ.എസ്.ഇ.ബി തന്നെ വയറിംഗ് നടത്തി കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (ഡി) | പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ വീടുകളിൽ വൈദ്യുതി എത്തിക്കുന്നതിന് ലൈൻ നിർമ്മാണത്തിനും വയറിംഗ് ഉൾപ്പെടെയുള്ള ജോലികൾക്കുള്ള ആകെ എസ്റ്റിമേറ്റ് തുകയുടെ 75% തുക പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകളിൽ നിന്ന് ലഭ്യമാക്കണമെന്ന് ബഹു. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ, നിയമ, പാർലമെന്ററി കാര്യ മന്ത്രി ശ്രീ. എ. കെ. ബാലൻ ബഹു. വൈദ്യുതി മന്ത്രി ശ്രീ. എം. എം. മണി എന്നിവർ പങ്കെടുത്ത് 15.2.2017-ന് നടത്തിയ യോഗത്തിൽ ധാരണയായിട്ടുണ്ട്. ഇതിന്റെകൂടി അടിസ്ഥാനത്തിൽ വയറിംഗ് നടത്തിയിട്ടില്ലാത്ത BPL വിഭാഗത്തിൽപ്പെട്ട പട്ടികജാതി വിഭാഗം വീടുകളുടെയും വയറിംഗ് നടത്തിയിട്ടില്ലാത്ത പട്ടികവർഗ്ഗ വീടുകളുടെയും വയറിംഗ് ജോലികൾ KSEB നേരിട്ട് നിർവ്വഹിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ഇ) | വിവിധ കാരണങ്ങളാൽ ലൈൻ വലിച്ച് കണക്ഷൻ കൊടുക്കാൻ കഴിയാത്തവർക്ക് സോളാർ സംവിധാനത്തിലൂടെ വൈദ്യുതി നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ? | (ഇ) | വൈദ്യുതി ലൈൻ എത്തിക്കാൻ കഴിയാത്ത പ്രദേശങ്ങളിൽ സോളാർ ഉൾപ്പെടെയുള്ള വികേന്ദ്രീകൃത വൈദ്യുതോൽപാദനവും വിതരണവും (DDG) വഴി വൈദ്യുതി ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇടുക്കി, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ പെടുന്ന ഇത്തരം പ്രദേശങ്ങളിലെ വൈദ്യുതീകരണം ANERT ഉം മറ്റു ജില്ലകളിലുള്ള കോളനികളിലെ വൈദ്യുതീകരണം കെ.എസ്.ഇ.ബി.എൽ ഉം ആണ് നടപ്പിലാക്കുന്നത്. |

Hemalatha

**സെക്ഷൻ ഓഫീസർ**